(സി) 7.12.1977 ൽ സി. ഐ. റി. യു. തന്ന ഒരു നിവേദനത്തിൻ മേൽ ബന്ധപ്പെട്ട എല്ലാ ഉദ്യോഗസ്ഥൻമാരും സംഘടനാ നേതാക്കളു മായി ഒരു ചർച്ച 6-3-1978–ൽ നടത്തുകയുണ്ടായി. പ്രസ്തുത ചർച്ച യുടെ അടിസ്ഥാനത്തിൽ ആവശ്യമായ നിർദ്ദേശങ്ങൾ അഡ്മിനി സ്ട്രേറ്റീവ് മെഡിക്കൽ ഓഫീസർ, ജില്ലാ കളക്ടറൻമാർ എന്നിവർക്ക് നൽകിയിട്ടുണ്ട്.

ജിയോളജിക്കൽ സർവ്വേ

*368 [388] ശ്രീ. പി. കരുണാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജിയോളജിക്കൽ സർവ്വേ ഓഫ് ഇൻഡ്യയുടെ കീഴിൽ കേരള ത്തിൽ എവിടെയൊക്കെ പരിശോധന നടത്തിയിട്ടുണ്ട്;

(ബി) ബോക്സൈറ് നിക്ഷേപത്തെ സംബന്ധിച്ച വല്ല വിവരവും ലഭിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ എന്താണ്?

വ്യവസായവും വനവും വകുപ്പുമന്ത്രി (ശ്രീ. പി. എസ്. ശ്രീനിവാസൻ):

(എ) 33000 ചതുരശ്ര കിലോമീറർ പ്രാരംഭ സർവ്വേ പൂർത്തിയാ ക്കിയിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) തിരുവനന്തപുരം, കൊല്ലം, കണ്ണൂർ എന്നീ ജില്ലകളിലായി 11.7 ദശലക്ഷം ടൺ ബോക്സൈറ് ഉള്ളതായി കണക്കാക്കപ്പെട്ടിട്ടുണ്ട്.

ഖാദി ഗ്രാമ വ്യവസായ കമ്മീഷൻ

*369 [389] ശ്രീ. പി. ആർ. ഫ്രാൻസിസ്: താഴെ കാണുന്ന ചോദ്യ ങ്ങൾക്ക് വ്യവസായവും വനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഖാദി ഗ്രാമ വ്യവസായങ്ങളുടെ വികസനത്തിന് ഖാദി ഗ്രാമ വ്യവസായ കമ്മീഷൻ സംസ്ഥാനത്തിന് ഈ കഴിഞ്ഞ വർഷം എത്ര രൂപ അനുവദിച്ചു;

(ബി) സംസ്ഥാന ഗവൺമെൻറ് ഇതിലേക്ക് വല്ല തുകയും അനു വദിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ എത്ര സംഖ്യ;

(ഡി) അടുത്ത സാമ്പത്തിക വർഷത്തിൽ കൂടുതൽ പേർക്ക് തൊഴിൽ നൽകുന്നതിനും തൊഴിൽ പരിശീലനം നൽകുന്നതിനും വല്ലതെ കിലും പദ്ധതി ഉണ്ടോ;

(ഇ) ഉണ്ടെങ്കിൽ എന്ത്;

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) ഇതുവഴിയായി സ്ംസ്ഥാനത്ത് എത്ര പേർക്ക് തൊഴിൽ ലഭിക്കും?

വ്യവസായവും വനവും വകുപ്പു മന്ത്രി (ശ്രീ. പി. എസ്. ശ്രീനിവാസൻ):

(എ) 1977.78 ൽ 231.20 ലക്ഷം രൂപ അനുവദിച്ചു.

(ബി) ഉണ്ട്.

(സി) 1977.78 ൽ 55.13 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

(ഡി) ഉണ്ട്.

(ഇ) 1978.79 ൽ ആരംഭിച്ച് മൂന്നു വർഷത്തിനകം ഒരു ലക്ഷം പേർക്ക് തൊഴിൽ നൽകുന്നതിനു വേണ്ടി, ഖാദി പ്രോഗ്രാം കൂടാതെ 8 ഗ്രാമ വ്യവസായങ്ങൾക്കും കൂടി പ്രാധാന്യം കൊടുത്തുകൊണ്ടുള്ള ഒരു പ്രത്യേക തൊഴിൽദാന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്.

(എഫ്) ഒരു ലക്ഷം പേർക്ക്.

ചെറുകിട വ്യവസായങ്ങൾ

*370 [390] ശ്രീ. പി. ബി. ആർ. പിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വനവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) നമ്മുടെ സംസ്ഥാനത്ത് ചെറുകിട വ്യവസായങ്ങൾ പ്രോൽസാഹിപ്പിക്കേണ്ട സ്ഥാനത്ത് അവ അവഗണിക്കപ്പെടുന്നു എന്ന കാര്യം ഗവൺമെൻറിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) അസംസ്കൃത സാധനങ്ങൾ വേണ്ടത്ര ലഭിക്കാത്തതിനാലും, ബാങ്കുകളിൽ നിന്നും മറ്റു സാമ്പത്തിക മേഖലകളിൽ നിന്നും വായ്പകൾ ലഭിക്കാൻ ഉള്ള ബുദ്ധിമുട്ടുകളും ഉൽപ്പന്നങ്ങൾക്ക് വേണ്ടത്ര വിധത്തിൽ വിപണികൾ ലഭിക്കാൻ കഴിയാതെ വരുന്നതുമാണ് നമ്മുടെ ചെറുകിട വ്യവസായങ്ങളുടെ വളർച്ചക്ക് തടസ്സം സൃഷ്ടിക്കുന്നത് എന്നുള്ള വസ്തുത കണക്കിലെടുത്ത് ഇക്കാര്യങ്ങളിൽ എന്തെങ്കിലും വ്യക്തമായ പരിപാടി ആവിഷ്കരിക്കാൻ നടപടി സ്വീകരിക്കുമോ?

വ്യവസായവും വനവും വകുപ്പുമന്ത്രി (ശ്രീ. പി. എസ്. ശ്രീനിവാസൻ):

(എ) ഇല്ല.

(ബി) ചെറുകിട വ്യവസായങ്ങളുടെ വളർച്ചക്ക് തടസ്സം നേരിടുന്നതായി ബോദ്ധ്യപ്പെടുമ്പോൾ അവ പരിഹരിക്കുന്നതിന് ആവശ്യമായ നടപടികൾ യഥാസമയം വ്യവസായ വകുപ്പും സ്മാൾ ഇൻഡസ്ട്രീസ് കോർപ്പറേഷനും സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly